സ്ഥാപിതം
1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 60 ലക്കം: 45 2025 ഏപ്രിൽ 29 ചൊവ്വ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ഐ.എം. വിജയൻ ഇനി ഡെ. കമാൻഡന്റ്; സ്ഥാനക്കയറ്റം വിരമിക്കലിന്റെ തലേന്ന്

തിരു: വിരമിക്കാൻ ഒരു ദിവസം മാത്രം ബാക്കിനിൽക്കേ ഫുട്ബോൾ താരം ഐ.എം. വിജയന് കേരള പോലീസിൽ സ്ഥാനക്കയറ്റം. എംഎസ്പിയിൽ അസിസ്റ്റന്റ് കമാൻഡന്റായ അദ്ദേഹത്തിന് ഡെപ്യൂട്ടി കമാൻഡന്റായി സ്ഥാനക്കയറ്റം നൽകി. ഫുട്ബോളിന് നൽകിയ സംഭാവനകൾ പരിഗണിച്ചാണ് സ്ഥാനക്കയറ്റം. 1986 മുതൽ കേരള പോലീസ് ടീമിനു വേണ്ടി അതിഥി താരമായി കളിച്ചിട്ടുള്ള വിജയന് 1987ലാണ് കോൺസ്റ്റബിളായി നിയമനം നൽകിയത്. 2021ൽ എം.എസ്.പിയിൽ അസിസ്റ്റന്റ് കമാൻഡന്റായി.

എസ് എസ് എൽ സി പരീക്ഷാ ഫലം മേയ് 9ന്; നടപടികൾ പൂർത്തിയായി

തിരു: ഈ വർഷത്തെ എസ്എസ്എൽസി പരീക്ഷാഫലം മേയ് ഒമ്പത് വെള്ളിയാഴ്ച പ്രഖ്യാപിക്കും. വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടിയാണ് തീയതി പ്രഖ്യാപിച്ചത്. എസ്എസ്എൽസി, റ്റിഎച്ച്എസ്എൽസി, എ എച്ച് എസ് എൽ സി പരീക്ഷകൾ 2025 മാർച്ച് മൂന്നിന് ആരംഭിച്ച് മാർച്ച് 26നാണ് അവസാനിച്ചത്.

സംസ്ഥാനത്താകെ 2964ഉം, ലക്ഷദ്വീപിൽ ഒമ്പതും, ഗൾഫ് മേഖലയിലെ ഏഴും കേന്ദ്രങ്ങളിലായി 4,27,021 വിദ്യാർത്ഥികളാണ് റഗുലർ വിഭാഗത്തിൽ പരീക്ഷയെഴുതിയത്. ഇവരിൽ 2,17,696 ആൺകുട്ടികളും 2,09,325 പെൺകുട്ടികളുമാണ്. മലപ്പുറം ജില്ലയിലാണ് ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പരീക്ഷ എഴുതിയത്. ഏറ്റവും കുറവ് കുട്ടനാട് വിദ്യാഭ്യാസ ജില്ലയിലും.

ഏപ്രിൽ 3 മുതൽ 26വരെ 72 കേന്ദ്രങ്ങളിൽ രണ്ട് ഘട്ടങ്ങളായാണ് ഉത്തരക്കടലാസുകളുടെ മൂല്യനിർണയം നടന്നത്. മാർക്ക് എൻട്രി നടപടികളും പൂർത്തീകരിച്ചു. മേയ് ഒമ്പതിന് ഫലം പ്രഖ്യാപിക്കുന്നതിന് ആവശ്യമായ മുന്നൊരുക്ക പ്രവർത്തനങ്ങൾ നടന്നുവരുന്നുവെന്നും മന്ത്രി പറഞ്ഞു.

കാനഡയിൽ ലിബറൽ പാർട്ടിക്ക് ഭരണത്തുടർച്ച;

വിജയം പ്രഖ്യാപിച്ച് മാർക്ക് കാർണി

കാനഡ: തിരഞ്ഞെടുപ്പിൽ പ്രധാനമന്ത്രി മാർക്ക് കാർണിയുടെ നേതൃത്വത്തിലുള്ള ലിബറൽ പാർട്ടിക്ക് ഭരണത്തുടർച്ച. 164 സീറ്റുകളിലാണ് ലിബറൽ പാർട്ടിയുടെ മുന്നേറ്റം. പിന്നാലെ വിജയം പ്രഖ്യാപിച്ച് മാർക്ക് കാർണിയുമെത്തി. ട്രംപിന്റെ ചതിക്ക് ജനം നൽകിയ ഉത്തരമാണ് ഭരണത്തുടർച്ചയെന്ന് അദ്ദേഹം പ്രതികരിച്ചു. തുടർച്ചയായി നാലാം തവണയാണ് കാനഡയിൽ ലിബറൽ പാർട്ടി അധികാരത്തിലെത്തുന്നത്. കനേഡിയൻ രാഷ്ട്രീയത്തിലെ തന്നെ അപൂർവതയാണിത്. പിയറി പൊയിലീവ്രെ നയിക്കുന്ന കൺസർവേറ്റീവ് പാർട്ടിയെ പരാജയപ്പെടുത്തിയാണ് കാർണി ഭരണമുറപ്പിച്ചത്.



എക്സിറ്റ് പോളുകളിലെല്ലാം ലിബറൽ പാർട്ടിക്കുതന്നെയായിരുന്നു മുൻതൂക്കം. 139 സീറ്റുവരെ നേടുമെന്നായിരുന്നു സി. ബി. സി ചാനലിന്റെ പ്രവചനം. വീണ്ടും സർക്കാരുണ്ടാക്കുമെന്ന് ലിബറൽ പാർട്ടി അവകാശപ്പെട്ടിരുന്നെങ്കിലും പാർലമെന്റിൽ ഭൂരിപക്ഷം നേടുമോ എന്ന് ഉറപ്പുണ്ടായിരുന്നില്ല. എന്നാൽ കാനഡയെ യുഎസിനോട് കൂട്ടിച്ചേർക്കുമെന്ന ട്രംപിന്റെ പ്രസ്താവന സൃഷ്ടിച്ച വികാരവും താരിഫ് വർധനയുമെല്ലാം വോട്ടാക്കി മാറ്റാൻ ലിബറൽ പാർട്ടിക്കായി. ട്രംപ് വിരുദ്ധ സന്ദേശത്തിലൂന്നിയായിരുന്നു അറുപതുകാരനായ കാർണിയുടെ പ്രചാരണം.

ജസ്റ്റിൻ ട്രൂഡോ പ്രധാനമന്ത്രി പദം ഒഴിഞ്ഞശേഷവും ലിബറൽ പാർട്ടി കനത്ത തോൽവി ഏറ്റുവാങ്ങുമെന്നായിരുന്നു പ്രീ പോൾ സർവേകൾ പ്രവചിച്ചത്. ട്രൂഡോ സർക്കാരിന്റെ കാലത്ത് ലിബറലുകൾക്ക് 152 സീറ്റും കൺസർവേറ്റിവ് പാർട്ടിക്ക് 120 സീറ്റുമാണ് ഉണ്ടായിരുന്നത്. ഇന്ത്യൻ വംശജനായ ജഗ്മീത് സിങ്ങിന്റെ ന്യൂ ഡെമക്രറ്റിക് പാർട്ടിയുടെ 24 എംപിമാർ പിന്തുണച്ചതുകൊണ്ടാണ് ലിബറൽ പാർട്ടി അധികാരത്തിലെത്തിയത്. എന്നാൽ ട്രൂഡോയ്ക്കെതിരെ വലിയ ജനവികാരം ഉയർന്നതോടെ മുൻ കേന്ദ്രബാങ്ക് ഗവർണറായ കാർണി പ്രധാനമന്ത്രിയായി. കാലാവധി പൂർത്തിയാക്കാൻ ഒക്ടോബർ വരെ സമയമുണ്ടായിരുന്നെങ്കിലും ട്രംപ് വിരുദ്ധത മങ്ങുംമുൻപ് തിരഞ്ഞെടുപ്പ് നടത്താൻ മാർക്ക് കാർണി തീരുമാനിക്കുകയായിരുന്നു. അത് ഫലം ചെയ്തു.

ബ്രിട്ടനിലും കാനഡയിലും സെൻട്രൽ ബാങ്ക് ഗവർണറായി സേവനമനുഷ്ഠിച്ചിട്ടുള്ള കാർണിക്ക് ഈ പരിചയസമ്പത്ത് ഉപയോഗിച്ച് ട്രംപിന്റെ വ്യാപാര യുദ്ധത്തിൽ കാനഡയെ നയിക്കാൻ ആകുമെന്നാണ് വോട്ടർമാർ കരുതുന്നത്.

എല്ലാറ്റിനും കാനഡ അമേരിക്കയെ ആശ്രയിക്കുന്നത് അവസാനിപ്പിക്കാനായി വിദേശ വ്യാപാര ബന്ധങ്ങൾ വികസിപ്പിക്കുമെന്നാണ് കാർണിയുടെ പ്രധാന തിരഞ്ഞെടുപ്പ് വാഗ്ദാനം.

വേടനെതിരെ 8 വർഷംവരെ തടവ് ലഭിക്കുന്ന കുറ്റംചുമത്തി

കൊച്ചി: പുലിപ്പല്ല് കൈവശം വെച്ച സംഭവത്തിൽ റാപ്പ് ഗായകൻ വേടൻ എന്നറിയപ്പെടുന്ന ഹിരൺദാസ് മുരളിക്കെതിരെ വനംവകുപ്പ് ഏഴു വർഷം വരെ തടവ് ലഭിക്കുന്ന കുറ്റം ചുമത്തി. ശ്രീലങ്കയിലേക്ക് പോയി അവിടെനിന്ന് യുകെയിലേക്കോ ഫ്രാൻസിലേക്കോ കുടിയേറിയിട്ടുള്ള രഞ്ജിത്ത് എന്നയാളാണ് വേടന് പുലിപ്പല്ല് കൈമാറിയിട്ടുള്ളതെന്നാണ് വനംവകുപ്പിന് മൊഴി ലഭിച്ചിട്ടുള്ളത്.

ഇൻസ്റ്റഗ്രാം വഴിയും മറ്റും വേടൻ ഇയാളുമായി ആശയവിനിമയം നടത്തിയിട്ടുണ്ട്. രഞ്ജിത്തിനെ അതുവഴി കണ്ടെത്താനാകുമെന്നാണ് പ്രതീക്ഷയെന്നും റേഞ്ച് ഓഫീസർ അതീഷ് രവീന്ദ്രൻ പറഞ്ഞു. ശ്രീലങ്കൻ വംശജയാണ് വേടന്റെ അമ്മയെന്നും ആ ഒരു കണക്ഷൻ ഈ കേസിൽ വരുന്നുണ്ടെന്നും റേഞ്ച് ഓഫീസർ കൂട്ടിച്ചേർത്തു.

വേടൻ അണിഞ്ഞിരുന്ന മാലയിലെ ലോക്കറ്റ് പുലിപ്പല്ലാണെന്ന് കണ്ടെത്തിയതോടെ വനം–വന്യജീവി വകുപ്പ് കേസെടുത്ത് തിങ്കളാഴ്ച രാത്രിയോടെ അറസ്റ്റു രേഖപ്പെടുത്തിയിരുന്നു. വേടനേയും മറ്റു എട്ടുപേരേയും കഴിഞ്ഞ ദിവസം കഞ്ചാവുമായിട്ടാണ് പോലീസ് അറസ്റ്റ് ചെയ്യുന്നത്. ഇതിനിടയിലാണ് അണിഞ്ഞിരുന്ന മാലയിലെ ലോക്കറ്റ് പുലിപ്പല്ലാണെന്ന് കണ്ടെത്തിയത്. തുടർന്നാണ് വനംവകുപ്പിന്റെ ഇടപെടലുണ്ടായത്.

കഞ്ചാവ് കേസിൽ സ്റ്റേഷൻ ജാമ്യം ലഭിച്ചെങ്കിലും വനംവകുപ്പെടുത്ത കേസിൽ ജാമ്യമില്ലാ കുറ്റമാണ് ചുമത്തിയിരിക്കുന്നത്.

രഞ്ജിത്ത് എന്നയാളും മറ്റു ചിലരും ചേർന്ന് ഗിഫ്റ്റായി നൽകിയതാണ് പുലിപ്പല്ലെന്നും ഇത് കൈയിൽ കിട്ടുമ്പോൾ എന്തായിരുന്നുവെന്ന് തനിക്ക് അറിയില്ലായിരുന്നുവെന്നുമാണ് വേടൻ വനംവകുപ്പിനെ അറിയിച്ചിരിക്കുന്നത്.

പുലിപ്പല്ല് ഓൾട്രേഷൻ വരുത്തിയിട്ടുണ്ട്. തൃശ്ശൂരിലുള്ള ഒരു ജൂവലറിയിലാണ് ഇത് ചെയ്തിരിക്കുന്നത്. തെളിവെടുപ്പിനായി അവിടെ കൊണ്ടുപോകുമെന്നും വനംവകുപ്പ് അധികൃതർ പറഞ്ഞു.

വന്യമൃഗങ്ങളെ വേട്ടയാടിയതുമായി ബന്ധപ്പെട്ട് മൂന്ന് മുതൽ ഒമ്പത് വർഷം വരെ തടവും പിഴയും ലഭിക്കുന്ന കുറ്റം ചുമത്തിയിട്ടുണ്ട്. കൂടാതെ അനധികൃതമായി വനംവിഭവം കൈവശം വെച്ചതിനുള്ള കുറ്റവുമുണ്ടെന്നും വനംവകുപ്പ് അറിയിച്ചു. സമ്മാനമായി കിട്ടിയതാണ് പുലപ്പല്ല് എന്ന് പറയുന്നുണ്ടെങ്കിലും അറിഞ്ഞോ അറിയാതെയോ ഇത്തരം വസ്തുക്കൾ കൈവശം വെക്കുന്നതും കുറ്റകരാണെന്നും വനംവകുപ്പ് അധികൃതർ അറിയിച്ചു.

വേട്ടയാടലിൽ വേടന് പങ്കുണ്ടോ എന്നത് തുടർന്നുള്ള അന്വേഷണത്തിൽ വ്യക്തമാകേണ്ടതാണ്. രഞ്ജിത്തിന് മാത്രമാണ് പങ്ക് എങ്കിൽ വേടന്റെ പേരിലുള്ള ഈ കുറ്റം ഒഴിവാക്കുമെന്നും റേഞ്ച് ഓഫീസ് വ്യക്തമാക്കി.

രഞ്ജിത്ത് എന്നയാളെ ബന്ധപ്പെടാൻ വനംവകുപ്പിന് കഴിഞ്ഞിട്ടില്ല. വേടനെ കസ്റ്റഡിയിൽ വാങ്ങിയ ശേഷം തുടർന്നുള്ള ചോദ്യം ചെയ്യലിൽ കൂടുതൽ വിവരങ്ങൾ കണ്ടെത്താനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ചോദ്യം ചെയ്യലിനോട് വേടൻ നല്ല രീതിയിൽ സഹകരിക്കുന്നുണ്ടെന്നും വനംവകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചു.

തുറമുഖ കമ്മിഷനിംഗ് ചടങ്ങിലേക്ക് പ്രതിപക്ഷ നേതാവിന് ക്ഷണമില്ല; വിഴിഞ്ഞത്തെ യോഗത്തിൽ മുഖ്യമന്ത്രിയുടെ കുടുംബം പങ്കെടുത്തതിൽ വിമർശനം

തിരു: വിഴിഞ്ഞം തുറമുഖ കമ്മിഷനിംഗ് ചടങ്ങിലേക്ക് പ്രതിപക്ഷ നേതാവ് വി ഡി സതീശന് ക്ഷണമില്ല. നാലാം വർഷികാഘോഷത്തിന്റെ ഭാഗമാണ് കമ്മിഷനിംഗെന്നാണ് സർക്കാർ വൃത്തങ്ങൾ പറയുന്നത്. എന്നാൽ തുറമുഖ കമ്മിഷനിംഗ് എങ്ങനെ വാർഷിക പരിപാടിയാകുമെന്നാണ് പ്രതിപക്ഷം ചോദിക്കുന്നത്.

സർക്കാരിന്റെ വാർഷിക പരിപാടിക്കാണോ പ്രധാനമന്ത്രി വരുന്നതെന്ന് എം വിൻസെന്റ് എം എൽ എ ചോദിച്ചു. കൂടാതെ വിഴിഞ്ഞത്ത് നടന്ന യോഗത്തിൽ മുഖ്യമന്ത്രിയുടെ കുടുംബാംഗങ്ങൾ പങ്കെടുത്തതിനെ കോൺഗ്രസ് വിമർശിക്കുന്നുണ്ട്.

മേയ് രണ്ടിനാണ് പ്രധാനമന്ത്രി തുറമുഖ കമ്മിഷനിംഗിന് എത്തുന്നത്. ഇതിന്റെ പശ്ചാത്തലത്തിൽ വിഴിഞ്ഞത്ത് സുരക്ഷാ പരിശോധനകൾക്കായി എസ് പി ജി സംഘമെത്തിയിട്ടുണ്ട്. ഡൽഹിയിൽ നിന്ന് ഇന്നലെ രാവിലെയാണ് സംഘം വിഴിഞ്ഞത്തെത്തിയത്. പ്രധാനമന്ത്രിക്കായി തുറമുഖത്തിനകത്ത് പോർട്ട് ഓഫീസിനോടു ചേർന്ന് ഹെലിപാഡ് ഒരുക്കും. തുറമുഖത്ത് തയ്യാറാക്കുന്ന വേദിയിലും ഹെലിപാഡ് നിർമ്മാണ സ്ഥലത്തും ഐജി റാങ്കിലുള്ള ഉദ്യോഗസ്ഥരടങ്ങിയ എസ്പിജി സംഘം സന്ദർശിച്ച് സുരക്ഷാനിർദ്ദേശങ്ങൾ നൽകി. 30ന് സുരക്ഷാ ക്രമീകരണങ്ങളുടെ ട്രയൽ റൺ നടത്തും.

മേയ് ഒന്നിന് തിരുവനന്തപുരത്ത് എത്തുന്ന പ്രധാനമന്ത്രി രാജ്ഭവനിൽ തങ്ങും. രണ്ടിന് രാവിലെ ഹെലികോപ്ടറിൽ വിഴിഞ്ഞത്ത് എത്തും. പോർട്ട് ഓപ്പറേഷൻ മന്ദിരം സന്ദർശിക്കും. ഇവിടെ നിന്ന് ക്രെയിനുകളുടെ നിയന്ത്രണമടക്കം തുറമുഖ ബർത്തിന്റെ പ്രവർത്തനം വീക്ഷിച്ചശേഷം ഉദ്ഘാടന പന്തലിലെത്തും. തുറമുഖത്തിന്റെ പ്രധാന കവാടത്തിനു സമീപം കൂറ്റൻ പന്തലാണ് ഒരുക്കുന്നത്. രണ്ട് വരിയായി തയ്യാറാക്കുന്ന കൂറ്റൻ പന്തലിൽ പതിനായിരത്തോളം പേർക്ക് ഇരിക്കാം. എൽഇഡി ഡിസ്പ്ലേയിലൂടെയും ഉദ്ഘാടനച്ചടങ്ങ് വേദിയിലെത്തുന്നവർക്ക് വീക്ഷിക്കാനാകും.

പാലക്കാട് നഗരസഭാ യോഗത്തിൽ കയ്യാങ്കളി

പാലക്കാട്: ഹെഡ്ഗേവാർ വിഷയത്തിൽ പാലക്കാട് നഗരസഭ യോഗത്തിൽ ബഹളം. സിപിഎം, യുഡിഎഫ് കൗൺസിലർമാർ നഗരസഭ യോഗത്തിൽ പ്രതിഷേധമുയർത്തുകയും ആരാണ് ഹെഡ്ഗേവാർ എന്ന പോസ്റ്റർ ഉയർത്തുകയും ചെയ്തതോടെ സിപിഎം, യുഡിഎഫ് – ബിജെപി കൗൺസിലർമാർ തമ്മിൽ വാക്കേറ്റമുണ്ടാകുകയും കയ്യാങ്കളിയിലേക്ക് നീങ്ങുകയുമായിരുന്നു. ചെയർപേഴ്സണെ കയ്യേറ്റം ചെയ്തതായും ഒരു കൗൺസിലർ കുഴഞ്ഞുവീണതായും വിവരമുണ്ട്.

സംഘർഷഭരിതമായ സാഹചര്യമാണ് നഗരസഭയിൽ നിലനിൽക്കുന്നത്. കൗൺസിലർമാരെ പിരിച്ചുവിടുന്നതിനുള്ള ശ്രമത്തിലാണ് പോലീസ്. എന്നാൽ സ്ഥിതിഗതികൾ നിയന്ത്രണവിധേയമായിട്ടില്ല. ആരാണ് ഹെഡ്ഗേവാർ, ബിജെപി മാപ്പ് പറയണമെന്ന് സിപിഎം, യുഡിഎഫ് കൗൺസിലർമാർ ആവശ്യപ്പെട്ടപ്പോൾ ജിന്ന സ്ട്രീറ്റിന്റെ പേര് മാറ്റണമെന്ന ആവശ്യവുമായി ബിജെപി കൗൺസിലർമാരും പ്ലക്കാർഡുകളുമായി പ്രതിഷേധിച്ചു.

ഹെഡ്ഗേവാർ വിഷയത്തിൽ നഗരസഭ യോഗത്തിൽ പ്രതിഷേധം ഉയരാനുള്ള സാധ്യത പരിഗണിച്ച് കൂടുതൽ പോലീസിനെ വിന്യസിച്ചിരുന്നു.

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

67 മില്യൺ ഡോളർ വിലയുള്ള യുഎസ് യുദ്ധ വിമാനം വിമാനവാഹിനിക്കപ്പലിൽനിന്ന് ചെങ്കടലിൽ വീണു

വാഷിങ്ടൺ: കോടിക്കണക്കിന് ഡോളർ വിലവരുന്ന യുഎസ് യുദ്ധവിമാനം ചെങ്കടലിൽ വീണു. ഹാരി എസ്. ട്രൂമാൻ എന്ന യുഎസിന്റെ വിമാനവാഹിനിക്കപ്പലിൽ നിന്നാണ് യുദ്ധ വിമാനം കടലിൽ വീണത്. തിങ്കളാഴ്ച നടന്ന സംഭവത്തിൽ ഒരു നാവികന് പരിക്കേൽക്കുകയും ചെയ്തു. വിമാനം വലിച്ചുകൊണ്ടുവരുന്ന ഒരു ട്രാക്ടറും കപ്പലിൽ നിന്ന് കടലിലേക്ക് തെന്നിവീണു. 6.7 കോടി ഡോളർ മൂല്യം വരുന്ന യുദ്ധവിമാനമാണ് യു.എസ്സിന് അപകടത്തിലൂടെ നഷ്ടപ്പെട്ടത്.

വിമാനവാഹിനി കപ്പലിലെ ഹാംഗർ ബേയിൽ വലിച്ചുകൊണ്ടുവരുന്നതിനിടെ നിയന്ത്രണം നഷ്ടപ്പെട്ട് എഫ്/എ-18 ഇ യുദ്ധ വിമാനവും ടോ ട്രാക്ടറും കടലിൽ നഷ്ടപ്പെട്ടെന്ന് യുഎസ് നാവികസേന അറിയിച്ചു.

വിമാനം കടലിൽ വീഴുന്നതിന് മുമ്പ് നാവികർ രക്ഷപ്പെട്ടു. ഇതിനിടെ ഒരാൾക്ക് നിസാര പരിക്കേറ്റെന്നും നാവികസേന വ്യക്തമാക്കി. ആറ് മാസത്തിനിടെ ഹാരി എസ്. ട്രൂമാൻ വിമാന വാഹിനി കപ്പലിൽനിന്ന് നഷ്ടപ്പെടുന്ന രണ്ടാമത്തെ എഫ്/എ-18 ഇ യുദ്ധ വിമാനമാണിത്. കഴിഞ്ഞ വർഷാവസാനം യുഎസ്എസ് ഗെറ്റിസ്ബർഗ് ഗൈഡഡ് മിസൈൽ ക്രൂയിസർ അബദ്ധത്തിൽ ഒരു യുദ്ധ വിമാനത്തെ വെടിവെച്ചിട്ടിരുന്നു. എന്നാൽ രണ്ട് പൈലറ്റുമാരും രക്ഷപ്പെട്ടു.

പശ്ചിമേഷ്യയിൽ പ്രവർത്തിക്കുന്ന രണ്ട് യുഎസ് വിമാനവാഹിനിക്കപ്പലുകളിൽ ഒന്നാണ് ട്രൂമാൻ. മേഖലയിലെ ചരക്ക് കപ്പലുകൾക്ക് ഹൂതി വിമതർ ഉയർത്തുന്ന ഭീഷണി അവസാനിപ്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി, മാർച്ച് മുതൽ യുഎസ് സേന അവിടെ ഹൂതികൾക്കെതിരെ ശക്തമായ ആക്രമണം നടത്തുന്നുണ്ട്.

വാർത്താച്ചുരുക്കം

* സമസ്ത കേരള ജംഇയ്യത്തുൽ ഉലമ തൃശൂർ ജില്ലാ കമ്മറ്റി സംഘടിപ്പിക്കുന്ന ഭരണഘടന, സംരക്ഷണറാലി 29ന് വൈകീട്ട് വിപുലമായി നടക്കും. വടക്കേ സ്റ്റാ സ്റ്റാന്റിൽ നിന്ന് തുടങ്ങുന്ന റാലി ശക്തൻ നഗറിൽ സമാപിക്കും. തുടർന്ന് മഹാ സമ്മേളനം
* ടിച്ചൂർ അഗ്രി ഹോർട്ടികൾച്ചറൽ സൊസൈറ്റിയുടെ നേതൃത്വത്തിൽ മാങ്ങ മേള ടൗൺഹാളിൽ വിപുലമായി ഇന്നും നാളെയും നടക്കും. മേളയിൽ നാടൻ മാങ്ങകളുടെ പ്രദർശനം വിപണനം, മത്സരം തുടങ്ങിയ പരിപാടികളും ഉണ്ടാകും.
* അനധികൃത കാറ്ററിംഗ് - വ്യാജ ഇവന്റ് മാനേജ്മെന്റ് തടയുക. തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച കാറ്ററിംഗ് പ്രവർത്തകർ 29 ന് എസ് എസ് എ ഐ ഓഫീസിനു മുനിൽ സത്യഗ്രഹം നടത്തി.
* തൃശൂർ പൂരം ദിവസങ്ങളിൽ തൃശൂരിലെ ഹോട്ടലുകളിൽ പ്രത്യേകം ശുചിത്വം, വില നിലവാരം, ഗുണമേന്മ എന്നിവയിൽ ജാഗ്രത പുലർത്തണമെന്ന് ഹോട്ടലുടമകളുടെ സംഘടന ആവശ്യപ്പെട്ടു.
* ഡോ: എം.എൻ.ആർ. നായർ രചിച്ച, എല്ലാം ശരിയാകും - കഥാ സമാഹാരം പ്രകാശനം ചെയ്തു. തൃശൂർ പബ്ലിക് ലൈബ്രറിയിൽ സർഗ സ്വരത്തിന്റെ നേതൃത്വത്തിലായിരുന്നു ചടങ്ങ്
* എളവള്ളി സാത് വികചിത്രകലാപം ന കേന്ദ്രത്തിൽ കലാകാരന്മാരുടെ ചിത്ര പ്രദർശനം നടന്നു (കർണ്ണികാരം). കൂടുതലും വനിതകളുടെ ചിത്രങ്ങളുടെ പ്രദർശനമായിരുന്നു.
* പൂങ്കുന്നം ശ്രീരാഘവേന്ദ്ര ഭജന മംത്തിൽ 30-ാം തീയതി ബ്രഹ്മ കലശം നടത്തും

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ഇരിങ്ങാലക്കുട നിയോജക മണ്ഡലം നേതൃസംഗമം നടത്തി

ഇരിങ്ങാലക്കുട : തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിന് മുന്നോടിയായി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ഇരിങ്ങാലക്കുട നിയോജക മണ്ഡലം നേതൃസംഗമം നടത്തി. ജില്ലാ കോൺഗ്രസ്സ് കമ്മറ്റി അധ്യക്ഷൻ അഡ്വ. ജോസഫ് ടാജറ്റ് സംഗമം ഉദ്ഘാടനം ചെയ്തു. നിയോജക മണ്ഡലത്തിന്റെ ചുമതല വഹിക്കുന്ന കെ പി സി സി സെക്രട്ടറി സുനിൽ അന്തിക്കാട് അധ്യക്ഷത വഹിച്ചു. കെ പി സി സി മുൻ ജനറൽ സെക്രട്ടറി എം പി ജാക്സൺ, കെ പി സി സി സെക്രട്ടറി രാജേന്ദ്രൻ അരങ്ങത്ത്, ജില്ലാ സെക്രട്ടറിമാരായ ആന്റോ പെരുമ്പിള്ളി, കെ കെ ശോഭനൻ, സതീഷ് വിമലൻ, സോണിയ ഗിരി എന്നിവർ പ്രസംഗിച്ചു. ബ്ലോക്ക് കോൺഗ്രസ്സ് പ്രസിഡണ്ടുമാരായ സോമൻ ചിറ്റേത്ത് സ്വാഗതവും, ഷാറ്റോ കുര്യൻ നന്ദിയും പറഞ്ഞു.

നാഷ്ണൽ ഹുമൺ റൈറ്റ്സ് കമ്മറ്റി മലപ്പുറം ജില്ലയുടെ പുതിയ സാരഥികളെ തിരഞ്ഞെടുത്തു

കോട്ടക്കൽ : നാഷ്ണൽ ഹുമൺ റൈറ്റ്സ് കമ്മറ്റി മലപ്പുറം ജില്ല ചങ്ക് വെട്ടി സൈൻ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച മനുഷ്യവകാശ സംഗമവും,സെമിനാറും നാഷ്ണൽ ഹുമൺ റൈറ്റ്സ് കമ്മറ്റി സംസ്ഥാന ചെയർമാൻ ഷാനവാസ് മേത്തർ ഉൽഘാടനം ചെയ്തു.

സംഘടനയുടെ മലപ്പുറം ജില്ലയുടെ ചുമതല വഹിക്കുന്ന സംസ്ഥാന വൈസ് ചെയർമാൻ കരീം പന്നിത്തടം അദ്ധ്യക്ഷത വഹിച്ചു.തൃശൂർ ജില്ലാ വർക്കിങ്ങ് പ്രസിഡന്റ് ഷംസുദ്ദീൻ മരക്കാർ മുഖ്യ പ്രഭാഷണം നടത്തി.

നാഷ്ണൽ ഹുമൺ റൈറ്റ്സ് കമ്മറ്റി മലപ്പുറം ജില്ലാ പുതിയ ഭാരവാഹികളായി രമേഷ്. ടി.വളാഞ്ചേരി (പ്രസിഡന്റ്) അലി ഗുരുക്കൾ മഞ്ചേരി (ജനറൽ സെക്രട്ടറി) സലീം നവാസ് (ട്രഷറർ) സതീഷ് ബാബു എം.കെ.(വർക്കിങ്ങ് പ്രസിഡന്റ്) അലവികുട്ടി പുല്ലാര (വൈസ് പ്രസിഡന്റ്) രാജ്കുമാർ കുറ്റിപ്പുറം (ജോ:സെക്രട്ടറി) ഷക്കീൽ നാലകത്ത് (ജില്ലാ ഓർഗനൈസിങ്ങ് സെക്രട്ടറി) എന്നിവരെ തിരഞ്ഞെടുത്തു.

തൃശൂർ പൂരത്തിന് ഇത്തവണ തെച്ചിക്കോട്ടുകാവ് രാമചന്ദ്രൻ ഇല്ല

തൃശൂർ : തൃശൂർ പൂരത്തിന് ഇത്തവണ തെച്ചിക്കോട്ടുകാവ് രാമചന്ദ്രൻ ഇല്ല. ഘടകക്ഷേത്രങ്ങളുടെ തിടമ്പേറ്റാനും രാമൻ എത്തില്ല. കഴിഞ്ഞതവണ നെയ്തലക്കാവ് ഭഗവതിയുടെ തിടമ്പേറ്റിയിരുന്നു. ആന വരുമ്പോൾ തിരക്ക് കൂടുന്നതും, നിയന്ത്രിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നതും കൊണ്ടാണ് പിൻമാറിയെന്ന് തെച്ചിക്കോട്ടുകാവ് ദേവസ്വം അറിയിച്ചു.

പൂരത്തിനെത്തുന്ന കൊമ്പൻ രാമചന്ദ്രന് മടങ്ങിപ്പോകാൻ ജനത്തിരക്ക് മൂലം ബുദ്ധിമുട്ട് അനുഭവപ്പെട്ടിരുന്നു. നേരത്തെ പൂര വിളംബരത്തിൽ നിന്നും ആനയെ മാറ്റിയിരുന്നു. കഴിഞ്ഞ രണ്ടുവർഷം മാത്രമാണു പൂരദിവസം തെച്ചിക്കോട്ടുകാവ് രാമചന്ദ്രൻ എത്തിയത്. അതിനുമുൻപ് തലേന്ന് നടക്കുന്ന പൂരവിളംബരത്തിനാണ് എത്തിയിരുന്നത്. അഞ്ചുവർഷം തൃശ്ശൂർ പൂരത്തിനായി തെക്കേഗോപുര നട തുറന്നിടാൻ തെച്ചിക്കോട്ടുകാവ് രാമചന്ദ്രൻ എത്തിയിരുന്നു.ഇത് എറണാകുളം ശിവകുമാറിലേക്ക് മാറ്റിയതോടെ നെയ്തലക്കാവിലമ്മയുടെ തിടമ്പേറ്റാൻ തെച്ചിക്കോട്ടുക്കാവ് രാമചന്ദ്രൻ എത്തിയിരുന്നത്. എന്നാൽ ഇത്തവണ അതിനും കൊമ്പൻ എത്തില്ല. കൂടാതെ ആനയെ പൂരത്തിനെത്തിക്കണമെങ്കിൽ നിരവധി വിലക്കുകൾ മറികടക്കുകയും വേണം.

എച്ച് എം എസ് ജില്ലാ ഭാരവാഹികളെ തെരഞ്ഞെടുത്തു

പി ഒ അബ്ദുൾ മുത്തലിഫ്

അജി ഫ്രാൻസിസ്

തൃശൂർ: ഏപ്രിൽ 27ന് കൂടിയ എച്ച് എം എസ് ജില്ലാ കൗൺസിൽ യോഗത്തിൽ ഭാരവാഹികളെതെരഞ്ഞെടുത്തു.

പി ഒ അബ്ദുൾ മുത്തലിഫ്-പ്രസിഡണ്ട്, ഐ എ റപ്പായി-വർക്കിംഗ് പ്രസിഡണ്ട്, അജി ഫ്രാൻസിസ്-സെക്രട്ടറി, ജനത പൗലോസ്, ഐ പി കുട്ടിൻ, ജീജ ദാസ്, അജയകുമാർ ടി-വൈസ് പ്രസിഡണ്ടുമാർ, ഉദയൻ കളരിക്കൽ, ഷാജൻ മഞ്ഞളി, എൻ വി രമേഷ്കുമാർ, പി കെ കുട്ടൻ, കൃഷ്ണൻകുട്ടി പി ജി, കെ ആർ ദിലീപ്, ഉഷ ദിവാകരൻ-സെക്രട്ടറിമാർ, കെ എ ആന്റണി-ട്രഷറർ. 31 അംഗജില്ലാ കമ്മിറ്റിയേയും തെരഞ്ഞെടുത്തു. ആശാവർക്കർമാരുടെ ന്യായമായ അവകാശങ്ങൾ അനുഭാവപൂർവ്വം പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ ജില്ലാ പ്രവർത്തക യോഗം കേരള സർക്കാരിനോട് ആവശ്യപ്പെട്ടു.

ഉദ്ഘാടനം ചെയ്യാൻ മന്ത്രിയുടെ സമയം കാത്തിരിക്കുന്ന കൂർക്കഞ്ചേരി വില്ലേജ് ഓഫീസ്

പഹൽഗാമിലെ ഭീകരവാദികളിലൊരാൾ പാക് കമാൻഡോ, ഇന്ത്യയെ ആക്രമിക്കാൻ ലഷ്കറിൽ ചേർന്നു

ന്യൂഡൽഹി: പഹൽഗാമിൽ ആക്രമണം നടത്തിയ ഭീകരവാദികളിൽ ഒരാൾ പാക് സൈന്യത്തിലെ കമാൻഡോയെന്ന് വിവരം. ഒന്നര വർഷം മുമ്പ് രണ്ട് പാകിസ്താനി ഭീകരർ ഇന്ത്യയിലേക്ക് നുഴഞ്ഞുകയറിയിരുന്നു. ഇതിലൊരാളായ ഹാഷിം മൂസയാണ് പാകിസ്താൻ സൈനികനായിരുന്നുവെന്ന വിവരങ്ങൾ പുറത്തുവന്നത്. ഇയാൾ പാക്സൈന്യത്തിന്റെ പാരാ കമാൻഡോ ആയിരുന്നുവെന്നാണ് വിവരങ്ങൾ.

ഇയാൾ പാക് സൈന്യത്തിന് വേണ്ടി പ്രവർത്തിച്ചിരുന്നു. ഇയാളെ പിന്നീട് ലഷ്കറെ തോയ്ബ റിക്രൂട്ട് ചെയ്യുകയായിരുന്നു. ഇയാളാണ് പഹൽഗാം ആക്രമണത്തിന്റെ മുഖ്യ ആസൂത്രകരിൽ ഒരാൾ. മൂസ 2024 ഒക്ടോബറിൽ നടന്ന സോനാമാർഗ് ടണൽ ആക്രമണത്തിൽ ഉൾപ്പെട്ടയാളാണ് എന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. അന്ന് ആക്രമണത്തിലുൾപ്പെട്ട ഭീകരൻ ജുനൈദ് അഹമ്മദ് ഭട്ടിനെ സുരക്ഷാ സേന കഴിഞ്ഞ ഡിസംബറിൽ ഏറ്റുമുട്ടലിൽ വധിച്ചിരുന്നു. ഇയാളിൽ നിന്ന് കണ്ടെടുത്ത ഫോണിൽ നിന്നാണ് മൂസയും ടണൽ ആക്രമണത്തിൽ പങ്കാളി ആയിരുന്നുവെന്ന് കണ്ടെത്തിയത്.

അതേസമയം ഭീകരരെ സുരക്ഷാ സേന ലൊക്കേറ്റ് ചെയ്തുവെന്നാണ് വിവരം. ഭീകരവാദികൾക്ക് കശ്മീരിൽ നിന്ന് പ്രദേശവാസികളുടെ സഹായം കിട്ടിയെന്നാണ് ഇപ്പോൾ ലഭിക്കുന്ന വിവരം. ഭീകരർക്ക് സഹായങ്ങൾ നൽകുന്ന 15 പേർ ഇവർക്ക് വഴികാട്ടികളായെന്നും ലോജിസ്റ്റിക് സഹായം അടക്കം ചെയ്തുനൽകിയെന്നുമുള്ള വിവരങ്ങൾ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്.

ഭീകരർ ഇന്ത്യയിലേക്ക് അതിർത്തിയിലെ കമ്പിവേലി മുറിച്ചാണ് നുഴഞ്ഞുകയറിയത്. തുടർന്ന് ഇവർ പല ഭീകരാക്രമണങ്ങളിലും പങ്കെടുത്തിരുന്നു. പലതവണയായി ഇന്ത്യയിലേക്ക് നുഴഞ്ഞുകയറി ഭീകരവാദികളിൽ ചിലരെ സുരക്ഷാ സേന ഏറ്റുമുട്ടലുകളിലൂടെ വധിച്ചിരുന്നു. മൂസയുൾപ്പെടെയുള്ള മറ്റ് ഭീകരവാദികൾക്ക് വേണ്ടി തിരച്ചിൽ തുടരുകയാണ്.

AISWARYA GOLD LOAN

12/2238, Chembukkavu Arcade, Eastern Bazar, Thrissur-1

Mob: 9037557289

സ്വർണ്ണപണയ ലേല വിൽപ്പന നോട്ടീസ്

സ്ഥാപനത്തിന്റെ തൃശൂർ ശാഖയിൽപണയം വെച്ചിട്ടുള്ളതും കാലാവധി കഴിഞ്ഞതിനാൽ നോട്ടീസ് അയച്ചുസ്വീകരിച്ച കക്ഷികളുടെ താഴെപറയുന്ന അക്കൗണ്ട് നമ്പറിൽഉള്ള സ്വർണ ഉരുപിടികൾ 2025 മെയ്ദിന് ഉച്ചതിരിഞ്ഞു 4 മണിക്ക് സ്ഥാപനത്തിൽവെച്ച്പരസ്യമായി ലേലവില്പന നടത്തുന്നത് ആണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ഉരുപിടികളുടെ വിശദാംശങ്ങളും ലേലവ്യവസ്ഥകളും സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽപ്രസിദ്ധപെടുത്തിയിട്ടുള്ളത് ആകുന്നു. ലേലവില്പനസ്ഥാപനത്തിന്റെഅന്തിമതീരുമാനത്തിന് വിധേയമാണ്. ഏതെങ്കിലും കാരണവശാൽ ലേലം നീട്ടിവയ്ക്കാനും നിർത്തിവയ്ക്കാനും സ്ഥാപനത്തിന് പൂർണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

*Weights mentioned in grams

S L No.	NAME AND ADDRESS	LOAN DATE	LOAN NUMBERS	WEIGHT OF THE ORNAMENTS
1	Nisha K, Nadupurakkal House,"Omkara", Irinjalakuda, Thrissur-680121	04/03/2025	EKGL736	110.38 Grams

തൃശൂർ, 29-04-2025.

അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ
ഐശ്വര്യ ഗോൾഡ് ലോൺ

കേരള വണിക വൈശ്യ മഹിളാ ഫെഡറേഷൻ പ്രവർത്തനങ്ങൾ ശ്ലാഘനീയം: തോമസ് ഉണ്ണിയാടൻ

ഇരിങ്ങാലക്കുട : കേരള വണിക വൈശ്യ മഹിളാ ഫെഡറേഷൻ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണെന്ന് മുൻ സർക്കാർ ചീഫ് വിപ്പ് തോമസ് ഉണ്ണിയാടൻപറഞ്ഞു. സ്ത്രീകൾ അവരുടെ നേതൃ പാടവം കൂടുതൽ മേഖലയിൽ പ്രകടിപ്പിക്കേണ്ടതാണെന്നും തോമസ് ഉണ്ണിയാടൻ പറഞ്ഞു. കേരള വണിക വൈശ്യ മഹിളാ ഫെഡറേഷൻ തൃശൂർ ജില്ലാ ക്യാമ്പും സെമിനാറും ഇരിങ്ങാലക്കുടയിൽ ഉദ്ഘാടനം ചെയ്തു സംസാർക്കുകയായിരുന്നു അദ്ദേഹം. പിന്നോക്ക വികസനകമ്മീഷന്റെ മൈക്രോ ക്രെഡിറ്റ്പദ്ധതിയിൽ K.V.V.M.F നെ ഉൾപ്പെടുത്തണമെന്ന്ക്യാമ്പ് അംഗീകരിച്ച പ്രമേയം ആവശ്യപ്പെട്ടു.

KVVMF ജില്ലാ പ്രസിഡന്റ് വിജയലക്ഷ്മി ചേനോത്തുപറമ്പിൽ അധ്യക്ഷത വഹിച്ചു.കെ. വി. വി എസ് സംസ്ഥാന പ്രസിഡന്റ്എസ്. കുട്ടപ്പൻ ചെട്ടിയാർ, ജില്ലാ പ്രസിഡന്റ് എം. കെ സേതുമാധവൻ, K.V.V. M. എ സംസ്ഥാന പ്രസിഡന്റ് രാത്നമ്മൾ, സംസ്ഥാന വർക്കിംഗ് പ്രസിഡണ്ട് അനന്തലക്ഷ്മി, സംസ്ഥാന സെക്രട്ടറി രേണുക മണി, അഡ്വ: കമലം, റാണി കൃഷ്ണൻ, വിനോദിനി മുരളി,സ്മിത മനോജ്, ശ്രീദേവി ബിജുകുമാർ,നിർമ്മല രവീന്ദ്രൻ, എം. എസ്. ശ്രീധരൻ, ശങ്കർ പഴയാറ്റിൽ, സി. ആർ. മണികണ്ഠൻ എന്നിവർ പ്രസംഗിച്ചു.പ്രൊഫ: മഞ്ജു മാലതി 'സ്ത്രീകളുടെ നേതൃത്വപാടവം' എന്ന വിഷയത്തെക്കുറിച്ചും കിഷോർകുമാർ 'സമുദായക്കൂട്ടായ്മയിൽ സ്ത്രീകളുടെ പങ്ക്' എന്ന വിഷയത്തെക്കുറിച്ചും ക്ലാസ്സുകൾ എടുത്തു.

ഭീകരവാദത്തിനെതിരെ മാനവികത കൂട്ടായ്മ ഇന്ന് 5 മണിക്ക് അയ്യങ്കാളി സ്ക്വയറിൽ

ഇരിങ്ങാലക്കുട : കാശ്മീരിലെ ഭീകരാക്രമണത്തിനെതിരായി ഏപ്രിൽ 29ന് വൈകിട്ട് അഞ്ചുമണിക്ക് അയ്യങ്കാളി സ്ക്വയറിൽ സിപിഎം ഏരിയ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടക്കുന്ന മാനവികത കൂട്ടായ്മ ജില്ലാ സെക്രട്ടറിയേറ്റ് അംഗവും വടക്കാഞ്ചേരി എംഎൽഎയുമായ സേവിയർചിറ്റലപ്പിള്ളി ഉദ്ഘാടനം ചെയ്യും. സാമൂഹ്യ -സാംസ്കാരിക പ്രവർത്തകരും. എഴുത്തുകാരും മാധ്യമപ്രവർത്തകരും കലാകാരന്മാരും അണിചേരും.

ഭീകരവാദികളെ ഒറ്റപ്പെടുത്തണമെന്നും ഭീകരവാദത്തെ ഏതെങ്കിലും മതവുമായി സമീകരിച്ച് വിദ്വേഷവും വിഭജനവും ഉണ്ടാക്കുന്ന നീക്കങ്ങൾക്കെതിരെ ജാഗ്രതാ പുലർത്തണമെന്നും അഭ്യർത്ഥിച്ചു കൊണ്ടാണ് മാനവികതകൂട്ടായ്മ സംഘടിപ്പിച്ചിട്ടുള്ളത്.

രാജ്യത്തെ അസ്ഥിരീകരിക്കാൻ ശ്രമിക്കുന്ന എല്ലാ രൂപത്തിലുള്ള തീവ്രവാദ. ഭീകരവാദ പ്രസ്ഥാനങ്ങൾക്കുമെതിരെ അവർക്കു പിറകിലുള്ള സാമ്രാജ്യത്ത താല്പര്യങ്ങൾക്കുമെതിരെ രാജ്യം ഒറ്റക്കെട്ടായി അണിനിരക്കണമെന്ന സന്ദേശമുയർത്തിയാണ് മാനവികത കൂട്ടായ്മ നടക്കുന്നത്.

കോൺഗ്രസ് പുതുക്കാട് നിയോജക മണ്ഡലം നേതൃസംഗമം ബഹിഷ്കരിച്ചു

പുതുക്കാട്: നിയോജക മണ്ഡലം നേതൃ സംഗമം ഒരു വിഭാഗം DCC ഭാരവാഹികൾ, മണ്ഡലം പ്രസിഡണ്ടുമാർ, ബ്ലോക്ക് ഭാരവാഹികൾ, പോഷക സംഘടന പ്രസിഡണ്ട് ഭാരവാഹികൾ എന്നിവർ ബഹിഷ്ക്കരിച്ചു. അളഗപ്പനഗർ മണ്ഡലം പ്രസിഡന്റ് ജിമ്മി മഞ്ഞളിയെ ഒരു കാരണവുമില്ലാതെ ഗ്രൂപ്പ് താൽപ്പര്യം മാത്രം കണക്കിലെടുത്ത് മാറ്റിയതിൽ പ്രതിഷേധിച്ചും, മറ്റു മണ്ഡലങ്ങളിലെ പ്രസിഡണ്ട്മാരെ മാറ്റുമെന്നുള്ള ഭീഷണിയെ തുടർന്ന് സുധാകരൻ ഗ്രൂപ്പ് നേതാക്കൾ യോഗം ബഹിഷ്ക്കരിച്ചു. ഇത്തരം ഗ്രൂപ്പ് തിരിച്ചുള്ള പ്രവർത്തനത്തിനെതിരെ ശക്തമായി തിരിച്ചടിക്കുമെന്നും, DCC ഓഫീസിന് മുമ്പിൽ പ്രതിഷേധ ധർണ്ണയിരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. ത്രിതല പഞ്ചായത്ത് ഇലക്ഷൻ അടുത്ത സമയത്ത് ഒന്നിച്ച് കൊണ്ടുപോകുന്നതിന് പകരം ധിക്കാരപരമായ പ്രവർത്തനം അംഗീകരിക്കില്ലെന്ന് മറു ഗ്രൂപ്പ് അറിയിച്ചു. ഇതിനെതിരെ കെ പി സി സി പ്രസിഡന്റ് പ്രതിപക്ഷ നേതാവ്, തൃശൂരിന്റെ ചാർജ്ജ് വഹിക്കുന്ന KPCC നേതാവ്, AICC സംഘടന ചുമതല സെകട്ടറി എന്നിവർക്ക് പരാതിയും നൽകിയിട്ടുണ്ട്. DCC ജനറൽ സെക്രട്ടറിമാരായ കെ ഗോപാലകൃഷ്ണൻ, T M ചന്ദ്രൻ, സെബി കൊടിയൻ, INTUC നേതാവ് ആന്റണി കുറ്റിക്കാരൻ, പോൾസൻ തെക്കും പീടിക, മണ്ഡലം പ്രസിഡണ്ടുമാർ, ബ്ലോക്ക് ഭാരവാഹികൾ, യൂത്ത് കോൺഗ്രസ് നേതാക്കളാണ് ബഹിഷ്ക്കരിച്ചിച്ചത്. പുതുക്കാട് നിയോജക മണ്ഡലത്തിലെ 150 ഓളം നേതാക്കൾ പങ്കെടുക്കേണ്ട സംഗമത്തിൽ 50 പേർ മാത്രമെ പങ്കെടുത്തുള്ളു.

റസിഡന്റ്സ് അസോസിയേഷൻ വാർഷികാഘോഷം

ഇരിങ്ങാലക്കുട: മണ്ണാത്തിക്കുളം റോഡ് റസിഡന്റ്സ് അസോസിയേഷൻ വാർഷികാഘോഷം കഥകളി ആചാര്യൻ കലാനിലയം ഗോപി ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് എ.സി. സുരേഷ് അധ്യക്ഷത വഹിച്ചു. വാർഡ് കൗൺസിലർ സ്മിത കൃഷ്ണകുമാർ, സെക്രട്ടറി ദുർഗ്ഗ ശ്രീകുമാർ, എം. ശിവശങ്കരമേനോൻ, സുനിത പരമേശ്വരൻ, വി. വിനോദ് കുമാർ എന്നിവർ പ്രസംഗിച്ചു. തുടർന്ന് കുടുംബാംഗങ്ങളുടെ വിവിധ കലാപരിപാടികളും നടന്നു.

കോടതി പരസ്യം

സിവിൽ പലവക വിചരണ നിശ്ചയിച്ച തിയ്യതിയെ കുറിച്ച് എതൃകക്ഷിക്ക് നോട്ടീസ്

ബഹു. കുന്നംകുളം കുടുംബ കോടതി മുമ്പാകെ

OP: 480/2023, IA: 3/2023, IA: 4/2023

ചാവക്കാട് താലൂക്ക് ഗുരുവായൂർ വില്ലേജ്, പാലയൂർ ദേശത്ത് മുസ്ലിംവീട്ടിൽ കുഴിങ്ങര വെള്ളക്കടവിൽ മുഹമ്മദ്കുട്ടി ഭാര്യ 38 വയസ്സ്, ഹസീന - 680506

- ഹരജിക്കാരി

R9 ചാവക്കാട് താലൂക്ക്, പുന്നയൂർക്കുളം വില്ലേജ് പുന്നയൂർക്കുളം ദേശം, കൊമ്പത്തയിൽ വീട്, ഉമ്മർ മകൻ 32 വയസ് ഉസ്മാൻ

R10 ചാവക്കാട് താലൂക്ക്, പുന്നയൂർക്കുളം വില്ലേജ് ടി ദേശത്ത് കൊമ്പത്തയിൽ വീട്, ഉമ്മർ മകൾ ഫസീല

R11 ചാവക്കാട് താലൂക്ക്, പുന്നയൂർക്കുളം വില്ലേജ് ടി ദേശത്ത് കൊമ്പത്തയിൽ വീട്, ഉമ്മർ മകൻ 28 വയസ് ഉസാമ

R12 ചാവക്കാട് താലൂക്ക്, പുന്നയൂർക്കുളം വില്ലേജ് ടി ദേശത്ത് കൊമ്പത്തയിൽ വീട്, ഉമ്മർ മകൻ 27 വയസ് ഉബൈദ്

-കൂടുതൽ എതൃകക്ഷികൾ

തെര്യപ്പെടുത്തുന്നത്

മറ്റും അപേക്ഷിച്ച് ബോധിപ്പിച്ചിരിക്കുന്ന മേൽ നമ്പർ ഹരജി സംഗതി 2025-ാമാണ്ട് 05-ാം മാസം 19 തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ 11 മണിക്ക് കക്ഷികളോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഈ കോർട്ടിൽ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹരജി തീർച്ചപ്പെടുത്തുന്നതുമാകുന്നു.

എന്ന്, 28-04-2025
ഹരജിഭാഗം അഡ്വക്കെറ്റ്
സന്ധ്യ സൈമൺ (ഒപ്പ്)

COURT NOTICE

BEFORE THE HONOURABLE COURT OF FAMILY AT KUNNAMKULAM

(SHOCAUSE NOTICE 0.XXXVIII ON ATTACHMENT OF IMMOVABLE PROPERTY BEFORE JUDGEMENT)

OP: 480/2023, IA: 2/2021

Chavakkad Taluk, Guruvayoor Village, Palayoor Desom, Musleemveettil Kuzhingara Vallakandavil W/o. Mohammedkutty, 38 years, Haseena, 680506

-Petitioner

Chavakkad Taluk, Orumanayoor Village, Orumanayoor Desom, Valiyakath House, W/o. Nishar, 31 years, Subitha, -680512

-Respondent-5

To, R5 The Respondent

Whereas on the appication of the petitioner in the above petition the court called upon you, the respondent, to funrsih security for Rs. 5,47,200/- to fulfill any decree that may be passed against you in the petition or to showcause why you should not furnish security for the petiton claim by petitioner.

This is to give you notice that you are appear before the court on the day of 19-5-2025 to show cause why attachment should not be effected.

Dated this the 28th day of April 2025
Petitioner Advocate
Sandhya Simon (Sd/-)

COURT NOTICE

FORM NO. 8 (See Rule 4 A)

IN THE COURT OF FAMILY AT KUNNAMKULAM

OP: 480/2023

Haseena, aged 38 years, W/o. Mohammedkutty, Musleemveettil Kuzhingara Vallakkandavil House, (P.O) Palayoor , Palayoor Desom, Guruvayoor Village, Chavakkad Taluk, Thrissur District, Kerala-680506

-Petitioner

Subitha, aged 31 years, W/o. Nishar, Valiyakath House, (P.O) Orumanayoor, Orumanayoor Village, Chavakkad Taluk, Thrissur District-680572

-Respondent-6

To, R6 The Respondent

Where as above named petitioner has constituted a petition against you.